## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 4814 21-10-2011-ൽ മറുപടിക്ക്**

**തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി ചുമത്തുന്നതിനുള്ള ചട്ടങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.റ്റി.എ. റഹീം | | ഡോ.എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | പഞ്ചായത്ത്രാജ് നിയമ പ്രകാരം തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി ചുമത്തുന്നതിനുള്ള ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) | ഇപ്രകാരം നികുതി ചുമത്തപ്പെട്ട നിലവിലുള്ള കെട്ടിടങ്ങൾക്ക് നികുതി ചുമത്തുമ്പോൾ നിലവിലുള്ള നികുതിയേക്കാൾ 60% അധികരിക്കാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (ബി) ഉണ്ട്. എന്നാൽ ഏറ്റവും ഒടുവിൽ നടത്തിയ വസ്തു നികുതി നിർണ്ണയത്തിനോ പുനർനിർണ്ണയത്തിനോ ശേഷം കെട്ടിടത്തിന് എന്തെങ്കിലും കൂട്ടിച്ചേർക്കലോ ഘടനാപരമായ മെച്ചപ്പെടുത്തലോ ഉപയോഗ ക്രമത്തിൽ എന്തെങ്കിലും മാറ്റമോ വരുത്തിയിട്ടുണ്ടെങ്കിൽ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. |
| (സി) | കെട്ടിട നികുതിയുടെ എത്ര ശതമാനമാണ് സേവന നികുതി ചുമത്താൻ നിർദ്ദേശിച്ചിട്ടുള്ളത്; | (സി) ശുചിത്വപരിപാലനത്തിന് വസ്തുനികുതിയുടെ 4 ശതമാനവും, ജലവിതരണത്തിന് 3 ശതമാനവും, തെരുവുവിളക്കുകൾക്കുവേണ്ടി 2 ശതമാനവും ഡ്രെയിനേജ് സൗകര്യങ്ങൾ ക്കുവേണ്ടി 1 ശതമാനവും വീതം സേവന ഉപനികുതി ചുമത്തുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കെട്ടിട ഉടമ റിട്ടേൺ സമർപ്പിക്കാത്ത സാഹചര്യത്തിൽ പിഴ ചുമത്തുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; | (ഡി) | അനുവദിക്കപ്പെട്ട സമയപരിധിയ്ക്കകം വസ്തുനികുതി റിട്ടേൺ സമർപ്പിക്കാതിരുന്നാൽ ആദ്യത്തെ 10 ദിവസത്തെ കാലതാമസത്തിന് 50 രൂപയും 11 ദിവസം മുതൽ 30 ദിവസം വരെയുള്ള കാലതാമസത്തിന് 100 രൂപയും തുടർന്നുള്ളകാലതാമസത്തിന് (റിട്ടേൺ സമർപ്പിക്കുന്നതുവരെ അല്ലെങ്കിൽ സെക്രട്ടറി സ്വമേധയാ നികുതി നിർണ്ണയിക്കുന്നതുവരെ) ഓരോ ദിവസത്തേയ്ക്കും 10 രൂപ വീതവും പിഴ ചുമത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഇ) | ഒരു വിദഗ്ദ്ധ എഞ്ചിനീയർക്ക് പോലും പൂരിപ്പിക്കാൻ കഴിയാത്ത വിധമാണ് റിട്ടേൺ ഫോറം എന്ന പരാതി പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ഇ) | ഇത്തരമൊരു പരാതി ശ്രദ്ധയിൽ പെട്ടിട്ടില്ല. റിട്ടേൺ ഫോറം പൂരിപ്പിക്കുവാൻ സഹായിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ കൂടി ഫോറത്തിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (എഫ്) | കെട്ടിട നികുതി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലുള്ള കേസിന്റെ നിലവിലുള്ള സ്ഥിതി വ്യക്ത മാക്കാമോ? | (എഫ്) | വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ